# കേരള സംസ്ഥാന സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പ് 2010–11

## വിജ്ഞാപനം

സംസ്ഥാനത്തെ എല്ലാ സർക്കാർ / എയ്ഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജ്കളിലും വിവിധ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലും ബിരുദ ബിരുദാനന്തര കോഴ്സുകളിൽ 2010–11 അധ്യയന വർഷം 1–ാം വർഷ ക്ലാസ്സിൽ പ്രവേശനം ലഭിച്ച ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ വിദ്യാർത്ഥികളിൽ നിന്നും കേരള സ്റ്റേറ്റ് സുവർണ്ണ ജൂബിലി മെറിറ്റ് സ്കോളർഷിപ്പിനുവേണ്ടി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ സ്കോളർഷിപ്പ് വെബ്-സൈറ്റായ www.dcescholarship.kerala.gov.in ൽ **Suverna Jubilee Merit Scholarship (SJMS)** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **9–12–2010** മുതൽ ഓൺലൈനായി സമർപ്പിക്കാം.

1. **യോഗ്യതകൾ**

   a. അപേക്ഷകർ 2010–11 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകകൾ ഇവയിലേതിലെങ്കിലും ഒന്നാം വർഷ ബിരുദ/ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായിരിക്കണം.

   b. അപേക്ഷകർ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള കുടുംബത്തിലെ അംഗമാ യിരിക്കണം.

   c. യോഗ്യതാ പരീക്ഷയിൽ 50% ൽ അധികം മാർക്ക് നേടിയവരായിരിക്കണം.

2. **സ്കോളർഷിപ്പ് തുക**

   പ്രതിവർഷം 10,000/– രൂപ.

3. **ബന്ധപ്പെട്ട മറ്റു വിവരങ്ങൾ**

   a. അപേക്ഷകർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (എസ്.ബി.ടി) ൽ **സ്വന്തം പേരിൽ** അക്കൗണ്ട് ഉായിരിക്കണം.

   b. ഓരോ സ്ഥാപനത്തിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാദികമായിട്ടാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

c. ആകെയുള്ളതിന്റെ 10% സ്കോളർഷിപ്പുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടാവർക്ക് സംവരണം ചെയ്തിരിക്കുന്നു.

d. 10 എണ്ണം സ്കോളർഷിപ്പുകൾ വികലാംഗർക്കായി സംവരണം ചെയ്തിരിക്കുന്നു.

e. 5 എണ്ണം സ്കോളർഷിപ്പുകൾ സംസ്ഥാന ദേശീയ തലത്തിൽ കലാ കായിക രംഗങ്ങളിൽ മികവ് പുലർത്തുന്നവർക്കുമായി സംവരണം ചെയ്തിരിക്കുന്നു.

**f.** മറ്റേതെങ്കിലും തരത്തിലുള്ള സ്കോളർഷിപ്പുകളോ സ്റ്റൈപ്പെന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല (പട്ടിക ജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ലംസംഗ്രന്റിനെ ഈ നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്). **സ്ഥാപന മേധാവി പ്രസ്തുത സ്കോളർഷിപ്പ് അർഹരായവരെ കണ്ടെത്തി കോളേജ് കൗൺസിലിന്റെ അംഗീകാരത്തോടുകൂടി തയ്യാറാക്കിയ ലിസ്റ്റും അപേക്ഷാഫാറവും സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, സംസ്കൃത കോളേജ് കാമ്പസ്(അനക്സ്), പാളയം, തിരുവനന്തപുരം എന്ന അഡ്രസ്സിലേക്കു സമർപ്പിക്കേണ്ടതാണ്.**

## 4. അപേക്ഷിക്കേണ്ട രീതി:

a. വിദ്യാർഥികൾക്ക് അപേക്ഷകൾ ഓൺലൈനായി **9–12–2010** മുതൽ സമർപ്പി ക്കാവുന്നതാണ്. ഇതിനായി:

   i. www.dcescholarship.kerala.gov.in എന്ന വെബ് സൈറ്റിലെ Suverna Jubilee Merit Scholarship (SJMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

   ii. Apply Online ൽ ക്ലിക്ക് ചെയ്യുക.

   iii. മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് Candidate Login ചെയ്യുക.

   iv. അല്ലെങ്കിൽ New Registration ൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്ത് Submit ക്ലിക്ക് ചെയ്യുക.

   v. സ്കോളർഷിപ്പ് പേജിൽ SJMS എന്ന ടാബിൽ ക്ലിക്ക് ചെയ്യുക

   vi. കുടുംബ വാർഷിക വരുമാനം പൂരിപ്പിക്കുക.

vii. SC/ST ആണോ, BPL ആണോ, P.H ആണോ, കലാ കായിക രംഗങ്ങളിൽ സംസ്ഥാന ദേശീയ തലത്തിൽ മികവു പുലർത്തിയിട്ടുണ്ടോ എന്നീ വിവരങ്ങൾ സെലക്റ്റ് ചെയ്യുക..

viii. **<u>Submit</u>** ക്ലിക്ക് ചെയ്യുക.

b. ഓൺലൈനിലൂടെ അപേക്ഷ നൽകിയ തിനു ശേഷം **<u>View/ Print Application</u>** ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് എടുത്തിരിക്കണം.

c. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് **<u>ഭാഗം 5</u>** ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപനമേധാവിക്ക് സമർപ്പിക്കേതാണ്.

d. വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തി യിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേതാണ് (**Verification**).

e. സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം (**Approval**).

f. ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ അതാതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീം ഇവ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

## 5. സ്ഥാപനമേധാവിക്കു സമർപ്പിക്കേണ്ട രേഖകൾ

a. അപേക്ഷകന്റെ ആറ് മാസത്തിനകം എടുത്ത പാസ്സ്പോർട്ട് സൈസ് ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്. (ഇതിൽ സ്ഥാപന മേധാവി ഒപ്പ് രേഖപ്പെടുത്തിയിരിക്കണം).

b. എസ്.എസ്.എൽ.സി മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

c. അപേക്ഷകന്റെ **സ്വന്തം പേരിലുള്ള** ബാങ്ക് പാസ്ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര്, അക്കൗണ്ട് നംബർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ് ഇവ ഉൾപ്പെട്ടിരിക്കണം).

d. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.

e. അപേക്ഷകൾ ബി.പി.എൽ കുടുംബത്തിൽപ്പെട്ട അംഗമാണെന്ന് തെളിയിക്കുന്നതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപന മേധാവിയിൽ

നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് (പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ, കോർപ്പറേഷൻ സെക്രട്ടറി .)

f. വരുമാന സർട്ടിഫിക്കറ്റ്.

g. യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് ലിസ്റ്റിന്റെ ഗസ്റ്റഡ് ഓഫീസർ സാക്ഷ്യ പ്പെടുത്തിയ ശരിപ്പകർപ്പ്.

h. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം.

i. കലാകായിക മേഖലകളിൽ പ്രാവീണ്യമുള്ളവർക്ക് അത് തെളിയിക്കുന്നതിനുള്ള രേഖയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്.

j. വികലാംഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ആയത് തെളിയിക്കുന്ന തിനുള്ള ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്.

**6. അവസാന തീയതികൾ**

a. ഓൺലൈൻ ആയി അപേക്ഷകൾ രജിസ്റ്റർ ചെയ്യേ ണ്ട അവസാന തീയതി : **21/12/2010**

b. രജിസ്ട്രേഷൻ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേ തീയതി : **04/01/2011**

c. സ്ഥാപനമേധാവികൾസൂക്ഷ്മപരിശോധനക്ക ശേഷം ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേ

അവസാന തീയതി : **07/01/2011**

d. റജിസ്റ്റർ ചെയ്ത കുട്ടികളുടെ സെലക്റ്റഡ് ലിസ്റ്റ് സ്ഥാപന മേധാവി പരിശോധിക്കുകയും ആയത് അംഗീകരിച്ച് സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ പേരിൽ അയയ്ക്കേണ്ട അവസാന തീയതി : **12/01/2011**

Sd/-

09/12/2010 സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ